"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് - 2023ൽ സംഘടിപ്പിക്കുന്ന കേരളോത്സവത്തിന്റെ സമയക്രമത്തിൽ മാറ്റം വരുത്തി - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1825/2023/LSGD തീയതി,തിരുവനന്തപുരം, 15-09-2023

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 1753/2023/തസ്വഭവ തീയതി 26/08/2023.

2. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് വൈസ് ചെയർമാൻ സമർപ്പിച്ചിരിക്കുന്ന 05/09/2023ലെ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഗ്രാമ പഞ്ചായത്ത് തലം മുതൽ സംസ്ഥാനതലം വരെ സംഘടിപ്പിക്കുന്ന കേരളോത്സവം-2023ന് നിർദ്ദേശം നൽകിയും ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനത്/പ്ലാൻ ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് അനുമതി നൽകിയും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരിവിൽ പരാമർശിച്ചിരുന്ന സമയക്രമത്തിൽ മാറ്റം വരുത്തണമെന്നും ചുവടെ പട്ടിക പ്രകാരമുള്ള സമയക്രമം അനുവദിക്കണമെന്നും കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പരാമർശം (2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

| ക്രമ നമ്പർ | തദ്ദേശസ്വയംഭരണ സ്ഥാപനം | സമയ ക്രമം | സംഘാടന ചുമതല |
|---|---|---|---|
| 1. | ഗ്രാമ പഞ്ചായത്ത് തലം | 2023 ഒക്ടോബർ 1 മുതൽ 15 വരെ | ഗ്രാമപഞ്ചായത്ത് |
| 2. | മുനിസിപ്പാലിറ്റി തലം | 2023 ഒക്ടോബർ 16 മുതൽ 31 വരെ | മുനിസിപ്പാലിറ്റി |
| 3. | കോർപ്പറേഷൻ തലം | 2023 ഒക്ടോബർ 16 മുതൽ 31 വരെ | കോർപ്പറേഷൻ |
| 4. | ബ്ലോക്ക് പഞ്ചായത്ത് തലം | 2023 ഒക്ടോബർ 16 മുതൽ 31 വരെ | ബ്ലോക്ക് പഞ്ചായത്ത് & കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് |
| 5. | ജില്ലാ പഞ്ചായത്ത് തലം | 2023 നവംബർ 1 മുതൽ നവംബർ 15 വരെ | ജില്ലാ പഞ്ചായത്ത് & കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് |
| 6. | സംസ്ഥാന തലം | 2023 നവംബർ 16 നും 30നും ഇടയിൽ | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് |

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023ലെ കേരളോത്സവം മേൽ പട്ടിക പ്രകാരമുള്ള സമയക്രമത്തിൽ സംഘടിപ്പിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

3) മേൽ ഭേദഗതിയോടെ പരാമർശം (1) ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ, തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ്, തിരുവനന്തപുരം
വൈസ് ചെയർമാൻ, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ്
അക്കൗണ്ടന്റ് ജനറൽ (അഡിറ്റ്), കേരള, തിരുവനന്തപുരം
സ്റ്റേറ്റ് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി (IA2/105/2023/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Suja S K
Date: 15-09-2023 16:05:28
സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്